പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6702 | 09.07.2014 ൽ മറുപടിയ്ക്ക് |

## യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കാർഷിക സാക്ഷരതാ പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. വി.റ്റി. ബൽറാം: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കാർഷിക സാക്ഷരതാ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) പുതു തലമുറയ്ക്ക് കൃഷി സംബന്ധമായ ശാസ്ത്ര-സാങ്കേതികത്വവും സാധ്യതയും പരിചയപ്പെടുത്തി യുവജനങ്ങളെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത പ്രസ്തുത പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. |
| (സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കുമോ ; | (സി) ഹയർസെക്കണ്ടറി സ്കൂൾ തലങ്ങളിൽ കാർഷിക പ്രചരണം, കൃഷി സാങ്കേതികത്വപരിശീലനം, വിവിധ കൃഷി സാക്ഷരതാ പ്രവർത്തനങ്ങൾ, കാർഷിക യുവത്വം ശില്പശാല തുടങ്ങിയവ പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു. |
| (ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) അഗ്രിഫ്രണ്ട്സ്, കൃഷി സാംസ്കാരിക വേദി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, കൃഷി-വിദ്യാഭ്യാസ വകുപ്പുകൾ, നാഷണൽ സർവ്വീസ് സ്കീം എന്നീ സ്ഥാപനങ്ങളും വകുപ്പുകളുമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിച്ചത്. |

സെക്ഷൻ ഓഫീസർ